ശ്രീമതി എ. നഫീസത്തു ബീവി : സ്വർണ്ണത്തൊഴിലാളികളെ ഷെഡ്യൂൾ കാസ്റ്റുകാരുടെകൂടെ ഉൾപ്പെടുത്തി ഉദ്യോഗം നൽകുന്നകാര്യത്തിൽ പരിഗണന നൽകാമെന്നു പറഞ്ഞിരുന്നു. അതനുസരിച്ചു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഷെഡ്യൂൾ കാസ്റ്റിൽപെടുത്താമെന്നല്ല, മുൻഗണന നൽകാമെന്നു സമ്മതിച്ചിട്ടുണ്ട്. അതനുസരിച്ചു വേണ്ടതു ചെയ്യുന്നുണ്ട്.

ശ്രീ. ഒ. കോരൻ : സ്വർണ്ണത്തൊഴിലാളികൾക്കു ചെറിയ തോതിൽ കച്ചവടം ചെയ്യുന്നതിനുംമറും 250 രൂപ വരെ പേഴ്സനൽ ബോണ്ടിന്റെ അടിസ്ഥാനത്തിൽ കൊടുക്കുമെന്നു പറഞ്ഞു. അതു് ഈ കൊല്ലംതന്നെ കൊടുക്കുമോ, ഫാറം ഇല്ലെന്നുള്ള കാരണം കൊണ്ടും മറും കാലതാമസം ഉണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മാർച്ചു 31-നു മുമ്പുതന്നെ ഈ സംഖ്യ വിതരണം ചെയ്യാൻ സാധിക്കത്തക്കവിധത്തിൽ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എൻ. ഭാസ്കരൻ നായർ : സൗജന്യറേഷൻ നൽകിയ വകയിൽ ഒരു സംഖ്യ ചെലവായിട്ടുണ്ടെന്നു പറഞ്ഞു. സൗജന്യറേഷൻ നൽകിയ റേഷൻ കടക്കാർക്കു അതിന്റെ വില കിട്ടിയിട്ടില്ലെന്നു പറയുന്നതു് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മിക്കവാറും സംഖ്യ കൊടുത്തു കഴിഞ്ഞിട്ടുണ്ടു്. ചിലർക്കു കൊടുക്കാൻ സാധിച്ചിട്ടില്ല. അവർക്കു കൊടുക്കുന്നതിനുള്ള നടപടികളും കളക്ടർമാർ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്.

പട്ടണങ്ങളിലെ സ്കാവഞ്ചിംഗ് സമ്പ്രദായം.

* 713. [17] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : † താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടണങ്ങളിൽ സ്കാവഞ്ചിംഗ് സമ്പ്രദായം നിശ്ശേഷം നിറുത്തലാക്കി പകരം സെപ്ടിക്ടാങ്ക് കക്കൂസുകളും മറും ഏർപ്പെടുത്താനായി ഗവണ്മെന്റു വല്ല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണു് ;

(സി) ഇത്തരം ഒരു പദ്ധതി നടപ്പിലാക്കാൻ എത്ര ചെലവുവരും ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) പട്ടണങ്ങളിൽ സ്കാവഞ്ചിംഗ് സംമ്പ്രദായം നിശ്ശേഷം നിറുത്തലാക്കുന്നതിനുള്ള ഒരു പദ്ധതി ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നു.

(ബി,സി) കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

ഭവന നിർമ്മാണത്തിനുള്ള ലോൺ.

* 714. [18] ശ്രീ. എസ്. കുമാരൻ : † താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ജി. ഒ. മാർക്കു് House Construction Loan ഇനി അനുവദിക്കുന്നതല്ല എന്നു് ഗവണ്മെൻറിൽനിന്നും ഉത്തരവു് പുറപ്പെടുവിച്ചിട്ടുണ്ടോ ;

† Put by Shri K. C. Abraham.
† Put by Shri T. C. Narayanan Nambiar.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവണ്മെന്റ് വിജ്ഞാപനപ്രകാരം രജിസ്റ്റർ കച്ചേരിയിൽ ആവശ്യമായ ഫീസ് അടച്ച് ബാധ്യതാ സർട്ടിഫിക്കറ്റ് വാങ്ങുക ; താസീൽദാരുടെ സർട്ടിഫിക്കറ്റ് വാങ്ങുക, ഗവണ്മെന്റ് പ്രീഡ്രേഷ്ണ ഫീസ് അടച്ച് അദ്ദേഹത്തിന്റെ സർട്ടിഫിക്കറ്റ് വാങ്ങുക തുടങ്ങി പണച്ചെലവുള്ളതും ശ്രമകരവുമായ ജോലികൾ ചെയ്തുകഴിഞ്ഞ അപേക്ഷകരിൽ അർഹരായവർക്ക് ലോൺ അനുവദിക്കുന്ന കാര്യം പുനഃപരിശോധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇല്ല. പക്ഷേ, 31—5—1963-നു മുമ്പ് അപേക്ഷിച്ചിട്ടുള്ളവർക്ക് അനുവദിച്ചതിനുശേഷമേ പുതിയ അപേക്ഷകൾ സ്വീകരിക്കുകയുള്ളു എന്നു തീരുമാനിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഇതിനുമുമ്പ് അപേക്ഷിച്ചിട്ടുള്ളവരിൽ എത്രപേരുടെ അപേക്ഷകൾ തീരുമാനം എടുക്കാതെ ബാക്കിയുണ്ട് ;

ശ്രീ. ആർ. ശങ്കർ : കൃത്യമായി പറയാൻ നിവൃത്തിയില്ല. ഒട്ടുവളരെയുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ അപേക്ഷകളിന്മേൽ തീരുമാനം എടുക്കാൻ എത്ര കാലംവേണ്ടിവരും ? അതിനുശേഷം മാത്രമേ പുതിയ അപേക്ഷകൾ സ്വീകരിക്കുകയുള്ളു എന്നു പറയുന്നു. ബാക്കിയുള്ളവർ എത്രകാലം കാത്തിരിക്കേണ്ടിവരും ?

ശ്രീ. ആർ. ശങ്കർ : പരിമിതമായ ഒരളവിൽ മാത്രമേ ഇതിനുവേണ്ടി തുക നീക്കിവയ്ക്കാറുള്ളു. ആ തുക തികയാത്തവിധത്തിൽ അപേക്ഷകൾ വളരെയധികം വരുന്നുണ്ട്. ഇതിനെപ്പറ്റി നിശ്ചിതമായ ഒരു മറുപടി പറയാൻ സാധ്യമല്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : 31—5—1963-നു മുൻപ് അപേക്ഷിച്ചിട്ടുള്ളവർക്ക് ലോൺ കൊടുക്കുന്നതിനു എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ശ്രീ. ആർ. ശങ്കർ : അതിനുള്ള നടപടികൾ എടുത്തുവരികയാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഭവനനിർമ്മാണത്തിനു ഇന്നു പല പദ്ധതികൾ പ്രകാരം ഗവണ്മെന്റ് ധനസഹായം നൽകുന്നുണ്ട്. എന്നാൽ ഇങ്ങനെ നൽകാൻ നീക്കിവയ്ക്കുന്ന സംഖ്യ വേണ്ടത്ര ചെലവാക്കുന്നില്ല എന്നുള്ളതിനു ഈ ഉദാഹരണംതന്നെ മതി. എല്ലാ സ്കീമുകളും ഒരു സ്ഥാപനത്തിന്റെ കീഴിൽകൊണ്ടുവരുന്നതിനു വ്യവസ്ഥചെയ്യുകയോ, അല്ലെങ്കിൽ ചെലവാകാത്ത മറ്റിനങ്ങളിലെ സംഖ്യ ഈ ഇനത്തിലേക്ക് ചെലവാക്കൻ നടപടി എടുക്കുകയോ ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : ഈ പദ്ധതികൾ പരസ്പരം യോജിപ്പിക്കാവുന്നതല്ല. പല ഇനങ്ങളിൽ നീക്കിവയ്ക്കുന്ന തുക, ഗവണ്മെന്റ് സർവ്വീസിലെ ഉദ്യോഗസ്ഥന്മാർക്ക് വിനിയോഗിക്കാൻ മാറ്റിവയ്ക്കുന്നതു ശരിയല്ല. ഭവനനിർമ്മാണ പദ്ധതികൾ കൂട്ടിക്കുഴയ്ക്കുന്നതു ശരിയായിരിക്കുകയില്ല.

ശ്രീമതി കുസുമം : എൻ. ജി. ഓ. മാരുടെ ഭവനനിർമ്മാണത്തിനുള്ള അപേക്ഷകൾ വളരെയധികം ഉള്ളതുകൊണ്ട് കൂടുതൽ തുക ഇതിലേക്ക് നീക്കിവയ്ക്കുമോ ?

ശ്രീ. ആർ. ശങ്കർ : കഴിവുള്ളിടത്തോളം തുക വർദ്ധിപ്പിക്കുന്നുണ്ട്, ഓരോ കൊല്ലവും വർദ്ധിപ്പിക്കുന്ന സംഖ്യകൊണ്ട് എല്ലാ അപേക്ഷകർക്കും കൊടുക്കാൻ സാധിക്കാതെ വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. സുന്ദരം : 100 ക. വരെ ശമ്പളമുള്ള എൻ. മി. ഓ. മാക്ക് ഭവനനിർമ്മാണപദ്ധതി അനുസരിച്ചു ലോൺ കൊടുക്കുമെന്നുണ്ടായിരുന്നതു് മാറ്റി, 150 ക. വരെ ശമ്പളമുള്ളവർക്കേ കൊടുക്കുകയുള്ളു എന്നു തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അതിനു പ്രത്യേകം ചോദിക്കണം.

ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റു്

* 715. [19] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റു് ഇന്നു് ഒരു ടെമ്പററി ഡിപ്പാർട്ടുമെന്റായിട്ടാണോ നിലനിൽക്കുന്നതു് ;

(ബി) ആണെങ്കിൽ എന്തുകൊണ്ടാണു് ഇപ്രകാരം നിലനിറുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(സി) ഈ ഡിപ്പാർട്ടുമെന്റിനെ ഒരു സ്ഥിരം (Permanent) ഡിപ്പാർട്ടുമെന്റാക്കി മാറ്റി അതിലെ സ്ഥിരപ്പെടേണ്ട ഉദ്യോഗസ്ഥന്മാരെ സ്ഥിരപ്പെടുത്താൻ നടപടിയെടുക്കുമോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) അതേ.

(ബി, സി) നിലവിലുള്ള ഹരിജൻ വെൽഫെയർ വകുപ്പു് ഒരു സ്ഥിരം ഡിപ്പാർട്ടുമെന്റായി മാറ്റാൻ നിവൃത്തിയില്ല. ആ വകുപ്പിൽ ജോലി ചെയ്യുന്നവർക്കു മറ്റു ഡിപ്പാർട്ടുമെന്റുകളിൽ സ്ഥിരം സർവ്വീസിൽ ഇരിക്കുന്നവരുടെ ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഈ ഡിപ്പാർട്ടുമെന്റു് എത്രയോ വർഷമായിട്ടു പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു്. മറ്റു ഡിപ്പാർട്ടുമെന്റുകളിൽ ജോലി ചെയ്യുന്നവർക്കു കിട്ടുന്ന ലോണോ, മറ്റു ആനുകൂല്യങ്ങളോ ഈഡിപ്പാർട്ടുമെന്റിൽ ജോലിചെയ്യുന്നവർക്കു കിട്ടുന്നില്ല, അതുകൊണ്ടു് ഇതു് ഒരു സ്ഥിരം ഡിപ്പാർട്ടുമെന്റാക്കുന്ന കാര്യം പുനഃപരിശോധനചെയ്യുമോ ?

ശ്രീ. കെ. കുഞ്ഞമ്പു: പുനഃസംഘടനയുടെ വിധേയമായിട്ടാണു് ഈ വകുപ്പുണ്ടാക്കിയതു്. എത്ര കാലത്തേക്കാണു് ഇതു പ്രയോഗത്തിൽ ഇരിക്കുന്നതെന്നു തീർത്തു പറയാൻ നിവൃത്തിയില്ല. അതുകൊണ്ടു് സ്ഥിരം ഡിപ്പാർട്ടുമെന്റാക്കാൻ നിവൃത്തിയില്ല. ഈ വകുപ്പിൽ ജോലിചെയ്യുന്നവർക്കു് മറ്റു ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാർക്കു കിട്ടുന്ന പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങളും കിട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഒ. കോരൻ : മദിരാശിയിൽ ഈ വകുപ്പു് സ്ഥിരം സർവ്വീസാക്കിയിട്ടില്ലേ?

ശ്രീ. കെ. കുഞ്ഞമ്പു : മദിരാശിയിലും മറ്റു് ഒരു സംസ്ഥാനത്തും ഇതു സ്ഥിരം സർവ്വീസാക്കിയിട്ടില്ല.

ശ്രീ. ആർ സുഗതൻ : പുനഃസംഘടനയനുസരിച്ചു് നിശ്ചിത കാലത്തിനകം ഹരിജനങ്ങളുടെ അവശത നീങ്ങുന്നില്ലെങ്കിലും ഈ വകുപ്പു് ടെമ്പററിയായിട്ടു തുടരാനാണോ നിശ്ചയിച്ചിരിക്കുന്നതു്?

ശ്രീ. കെ. കുഞ്ഞമ്പു : പുനഃസംഘടനാപരമായ ആ ആനുകൂല്യം എത്ര കാലം നിലനിൽക്കുമെന്നു അറിഞ്ഞുകൂടാ, അതുകൊണ്ടാണു് ഈ വകുപ്പു് സ്ഥിരപ്പെടുത്താൻ നിവൃത്തിയില്ലാത്തതു്.

LIBRARY ARCHIVES Kerala Legislative Assembly